(10) കൂത്തുപറമ്പ്, മട്ടന്നൂർ അടക്കമുള്ള പത്ത് മുനിസിപ്പാലിറ്റികളിൽ കണ്ടിജന്റ് ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച്

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയിലും അതുപോലെ ഞാൻ താമസിക്കുന്ന മട്ടന്നൂർ മുനിസിപ്പാലിറ്റിയടക്കം സംസ്ഥാനത്തെ പത്ത് മുനിസിപ്പാലിറ്റികളിൽ കണ്ടിജന്റ് ജീവനക്കാരെ നിയമിക്കാൻ കഴിയാത്തതിനാലുള്ള വിഷമങ്ങളാണ് എനിക്ക് ഉന്നയിക്കാനുള്ളത്. ഈ മുനിസിപ്പാലിറ്റികളിൽ കണ്ടിജന്റ് ജീവനക്കാരെ നിയമിക്കാൻ കഴിയാത്തതുകൊണ്ട് ശുചീകരണ പ്രവർത്തനങ്ങളെല്ലാം അവതാളത്തിലായിരിക്കുകയാണ്. വളരെ ഗുരുതരമായ പ്രതിസന്ധി പട്ടണ പ്രദേശത്തുണ്ടായികൊണ്ടിരിക്കുകയാണ്. മാലിന്യങ്ങൾ കൂമ്പാരമായി കിടക്കുന്നു. അത് വൃത്തിയാക്കാൻ കഴിയുന്നില്ല. ആ രീതിയിലുള്ള പ്രവർത്തനങ്ങളൊന്നും തന്നെ ചെയ്യാൻ കഴിയുന്നില്ല. ഇത് ഗവൺമെന്റിന് കൂടുതൽ ബാദ്ധ്യതയുണ്ടാക്കുന്ന ഒരു പ്രശ്നമാണെന്ന് തോന്നുന്നില്ല. മുനിസിപ്പൽ ഭരണ സമിതികളെടുത്തിട്ടുള്ള തീരുമാനമനുസരിച്ച് നമ്മുടെ മന്ത്രിസഭ ഒരു തീരുമാനമെടുത്താൽതന്നെ കണ്ടിജന്റ് ജീവനക്കാരെ നിയമിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. എത്രയും പെട്ടെന്ന് പത്ത് മുനിസിപ്പാലിറ്റികളിലും കണ്ടിജന്റ് ജീവനക്കാരെ നിയമിക്കാനുള്ള ഉത്തരവുണ്ടാകണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, അടുത്ത കാലംവരെ കൂത്തുപറമ്പ്, മട്ടന്നൂർ അടക്കമുള്ള പത്ത് മുനിസിപ്പാലിറ്റികളിൽ കണ്ടിജന്റ് വിഭാഗത്തിൽ തൊഴിലാളികളുടെ കുറവ് അനുഭവപ്പെടുന്നുണ്ടെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് മേൽപ്പറഞ്ഞ പത്ത് മുനിസിപ്പാലിറ്റികളിലേയ്ക്ക് നിലവിലുള്ള മൊത്തം 112 തസ്തികകൾക്ക് പുറമേ 73 തസ്തികകൾകൂടി അനുവദിക്കേണ്ടതാണെന്ന് കണ്ട് അതിനാവശ്യമായ നടപടികളെടുത്തുവരുന്നുണ്ട്. കൂത്തുപറമ്പിൽ ഏഴും മട്ടന്നൂരിൽ ആറും തസ്തിക സൃഷ്ടിക്കാനാണ് ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ : മോൻസ് ജോസഫ്.....ഇല്ല. ശ്രീ. പി. കെ. കുമാരൻ..... ഇല്ല. ശ്രീ.കെ.പി. രാജേന്ദ്രൻ.....

(11) ആഭരണ നിർമ്മാണ തൊഴിലാളികളുടെ നിയമസഭാ മാർച്ച്

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, സംസ്ഥാനത്തുള്ള രണ്ടായിരത്തോളം ആഭരണ നിർമ്മാണ തൊഴിലാളികൾ അവരുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഇന്ന് നിയമസഭാ മാർച്ച് നടത്തുകയാണ്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സി.ഐ.റ്റി.യു., ഐ.എൻ.റ്റി.യു.സി., എ.ഐ.റ്റി.യു.സി., ബി.എം.എസ് തുടങ്ങിയ സംഘടനകളും അതുപോലെ സ്വതന്ത്ര ട്രേഡ് യൂണിയൻ സംഘടനകളും ചേർന്നുള്ള സംയുക്ത സമര സമിതിയുടെ നേതൃത്വത്തിലാണ് ഈ പ്രക്ഷോഭണം ഇന്ന് സംസ്ഥാനത്തുടനീളം നടത്തുന്നതും നിയമസഭയിലേയ്ക്ക് മാർച്ച് സംഘടിപ്പിച്ചതും. ഈ തൊഴിലാളികൾക്ക് ഒരു കൂലി വ്യവസ്ഥ ഇല്ല. അതുകൊണ്ട് അവരുടെ ഒന്നാമത്തെ

LIBRARY ARCHIVES Kerala Legislative Assembly